DESPATCHED
On...21.6.2020
15.5.2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 974(2)/2017**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **3820**/എസ്.ഐ.സി-ജി 6/17)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.ടി.ഗോവിന്ദൻ,
ഗോവിന്ദം, ചീമേനി പി.ഒ.,
ഹോസ്ദുർഗ് താലൂക്ക്,
കാസറഗോഡ് – 671 313. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   ജൂനിയർ സൂപ്രണ്ട് (സി) സെക്ഷൻ,
   താലൂക്ക് ഓഫീസ്, ഹോസ്ദുർഗ്ഗ്.

2. അപ്പീൽ അധികാരി&
   തഹസിൽദാർ,
   താലൂക്ക് ഓഫീസ്,ഹോസ്ദുർഗ്ഗ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.01.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.01.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.02.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27.02.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.03.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 22.03.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.02.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസറഗോഡ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.ടി.ഗോവിന്ദൻ,

20.03.2017ന് സമർപ്പിച്ച അപ്പീൽ ഹർജി 22.03.2017ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.974(2)/17/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തെറ്റായ വിവരമാണ് നൽകിയതെന്നും ടിയാന് വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 12.01.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 24.01.2017ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 13.02.2017ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 27.02.2017ന് മറുപടി നൽകിയതായും കാണുന്നു.

4. 28.04.2017ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ ഹോസ്ദുർഗ്ഗ് താലൂക്കിലെ കയ്യൂർ-ചീമേനി പഞ്ചായത്തിലെ ചീമേനി വില്ലേജിൽ ഉൾപ്പെടുന്ന കെട്ടിട നമ്പർ **VI-758** നമ്പർ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രത്യേകം പ്രത്യേകം വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടുകയും ആയതിന് 24.01.2017ന് മറുപടി നൽകുകയും ടി മറുപടിയ്ക്കെതിരെ സമർപ്പിച്ച അപ്പീലിനും 27.02.2017ന് മറുപടി നൽകിയെന്നുമാണ്. നിലവിൽ കേരള കെട്ടിട നികുതി നിയമപ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം കണക്കാക്കുന്നത് ടി കെട്ടിടത്തിന്റെ മൊത്ത വിസ്തീർണ്ണം നോക്കിയിട്ടായതുകൊണ്ടാണ് എസ്.പി. ഐ.ഒ. നൽകിയ മറുപടി ശരിവച്ചുകൊണ്ട് ഉത്തരവ് നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 04.02.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ ഹർജിക്കാരന്റെ കെട്ടിടത്തിന് കെട്ടിട നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് ചാർജ്ജ് ഓഫീസർ തയ്യാറാക്കിയ പ്ലാനിലും ഒഴിവാക്കിയ ഭാഗം രേഖപ്പെടുത്തിയിട്ടുണ്ടെന്നും ടി പ്ലാനിന്റെ പകർപ്പ് ടിയാൻ കൈപ്പറ്റിയിട്ടുണ്ടെന്നും ടിയാൻ ആവശ്യപ്പെട്ടതുപോലെ കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളുടെ ഇനം തിരിച്ചുള്ള വിസ്തീർണ്ണം ടി പ്ലാനിൽ പ്രത്യേകം പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ലെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതി

ന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമി ല്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മേയ് 15–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM